## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.766 09/08/2017-ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>" എൽദോസ് പി. കുന്നപ്പിള്ളിൽ<br>" ഷാഫി പറമ്പിൽ<br>" പി.ടി തോമസ്: | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നല്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പും കിലയും സംയുക്തമായി സംസ്ഥാനമൊട്ടാകെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സർവ്വെ 2008-ൽ നടത്തിയിട്ടുണ്ട്. ഇതിൽ അട്ടപ്പാടി ഉൾപ്പെടുന്ന പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം സംബന്ധിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ആദിവാസികൾക്കായി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളിലെ അഴിമതിയാണ് അവരുടെ ജീവിത നിലവാരം താഴോട്ട് പോയതിന്റെ പ്രധാന കാരണം എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം താഴോട്ട് പോയിട്ടില്ലായെന്നും, പുരോഗതി ആർജ്ജിച്ചു വരികയാണെന്നും സെൻസസ് റിപ്പോർട്ട്, പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ 2008-ലെ സർവ്വേ റിപ്പോർട്ട് എന്നിവയിൽ വ്യക്തമായിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അട്ടപ്പാടി മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച പരാതികളിൽ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നറിയാമോ; വിശദാംശം നല്കുമോ ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ